



# ACADEMIC MASTER PLAN

## UP SCHOOL KOLLAMULA

## 2025-2026

# വിദ്യാലയവികസനപദ്ധതി

# 2025-26

## യു.പി സ്കൂൾ കൊല്ലമുള

# യു.പി.സ്കൂൾ കൊല്ലമുള

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | യു.പി.സ്കൂൾ കൊല്ലമുള |
| സ്കൂൾസ്ഥാപിച്ച വർഷം | - | 1957 |
| സ്കൂൾ കോഡ് | - | 38551 |
| ബി.ആർ.സി | - | റാന്നി |
| ഗ്രാമ പഞ്ചായത്ത് | - | വെച്ചുച്ചിറ |
| ബ്ലോക്ക് | - | റാന്നി |
| താലൂക്ക് | - | റാന്നി |
| ഉപജില്ല | - | റാന്നി |
| വിദ്യാഭ്യാസ ജില്ല | - | പത്തനംതിട്ട |
| ജില്ല | - | പത്തനംതിട്ട |
| ഇ മെയിൽ | - | upskollamula@gmail.com |
| പിൻകോഡ് | - | 686510 |
| ഹെഡ്മിസ്ട്രസ് | - | സി.സുനി ജോസഫ് |
| ഫോൺ നമ്പർ | - | 7306831203 |

# ആമുഖം

## അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്

1957-58-ൽ കൊല്ലമുള യു.പിസ്കൂളിൽ പ്രവർത്തനം ആരംഭിച്ചു. എൽ.പി യു.പി വിഭാഗത്തിൽ കുട്ടികൾ ഈ സ്കൂളിൽ നിന്നും അറിവ് നേടുന്നു . ക്വിസ് മത്സരങ്ങൾ , എൽഎസ്എസ്, യുഎസ്എസ് മത്സരങ്ങൾ എന്നിവയിൽ സജീവ പങ്കാളിത്തമുണ്ട്. 2025-26 വർഷത്തിൽ കുട്ടികൾക്ക് നൽകേണ്ട പ്രവർത്തനങ്ങൾ. ഭാഷാ വികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നേ മേഖലകളിൽ കുട്ടികളുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് ഓരോ സ്കൂളും സ്കൂൾ തല, ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ഭാതികവും മാനസികവും അദ്ധ്യാത്മികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്തവർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനം സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

ഒരു രാജ്യത്തിന്റെ പുരോഗതി അവിടെ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയുടെയും ധാരണകളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുകയും അതുവഴി ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യണം സമൂഹ പങ്കാളിത്തത്തോടെ കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം, വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവിടെ നിർണയിച്ചിട്ടുള്ളത്.

**പൊതു ലക്ഷ്യങ്ങൾ**

- ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ കുട്ടികൾ ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം നടത്തുവാൻ അധ്യാപിക ശാക്തികരണ പരിപാടികൾ ഉറപ്പാക്കും.
- ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തും .
- ഗവേഷണാത്മക പഠനത്തിന് അവസരം നൽകും
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ തുടക്കത്തിലെ കണ്ടെത്തി
- ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ ശ്രദ്ധ ഉൾക്കൊണ്ടുകൊണ്ട് ലഭ്യമാക്കും .
- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും എന്ന തരത്തിൽ വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തും .
- സ്കൂൾ ലൈബ്രറി ലബോറട്ടറി എന്നിവ പഠനപ്രക്രിയയുടെ ഭാഗമാകും .
- ലഘു പഠന യാത്രകൾ ,വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ പ്രൊജക്ടുകൾ തുടങ്ങി വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും .
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും .
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും.
- മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തും.
- തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം നല്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് ജനകീയഇടപെടൽ ഉറപ്പാക്കും
- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും.
- സംഘടനയിലൂടെ സാമൂഹ്യനന്മയ്ക്ക് വേണ്ടിയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയും ഉള്ള പരിശീലനം നൽകുവാൻ ശ്രദ്ധിക്കും.

## അടിസ്ഥാന വിവരങ്ങൾ

## വിദ്യാലയ ചരിത്രം

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നമ്മുടെ രാജ്യത്തും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തും അനുഭവപ്പെട്ട ഭക്ഷ്യക്ഷാമം വളരെ രൂക്ഷമായിരുന്നു ആ കാലത്ത് ഭക്ഷ്യോൽപാദന മേഖലയായി ഗവൺമെന്റ് കർഷകർക്കായി വിട്ടുകൊടുത്ത വനമേഖലയായിരുന്നു പമ്പാവാലി ഭക്ഷ്യോൽപാദന മേഖല .അതിൽപെട്ട പ്രദേശമാണ് കൊല്ലമുള എന്ന ചെറിയ ഗ്രാമം.

കോട്ടയം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിപാർത്തവരാണ് ഇവിടുത്തെ ആദ്യനിവാസികൾ. യാതൊരുവിധ യാത്രാസൗകര്യങ്ങളും ഇല്ലാതിരുന്ന അക്കാലത്ത് കാൽനടയായിട്ടാണ് ആളുകൾ ഇവിടെ എത്തിയത്. 1948 - ൽ കെ കൊല്ലമുള,തലയിണത്തടം, പലകകാവ് തുടങ്ങിയ സ്ഥലങ്ങളിൽ വനം വെട്ടിത്തെളിച്ച് കൃഷി ചെയ്തു തുടങ്ങി. നെല്ല്, കപ്പ, വാഴ, മുതിര തുടങ്ങിയവയായിരുന്നു പ്രധാന കാർഷിക വിഭവങ്ങൾ.

ഫലഭൂയിഷ്ഠമായ മണ്ണും നല്ല കാലാവസ്ഥയും ഒത്തു വന്നപ്പോൾ കർഷകന്റെ മനസ്സും പത്തായവും ഒരുപോലെ നിറഞ്ഞു പരസ്പരം സഹായിച്ചും സഹകരിച്ചും ഒത്തൊരുമയോടെയുമാണ് ആദ്യകുടിയേറ്റക്കാർ ഇവിടെ കഴിഞ്ഞിരുന്നത്. വിവിധ നാടുകളിൽ നിന്നായി കുടിയേറി പാർത്ത കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള യാതൊരുവിധ സൗകര്യവും അന്നുണ്ടായിരുന്നില്ല വളരെ അകലെയുള്ള മണിപ്പുഴ എൽപി സ്കൂൾ ആയിരുന്നു അന്നത്തെ ഏക ആശ്രയം. ഈ കാലഘട്ടത്തിൽ ഒരു വിദ്യാലയത്തിന്റെ ആവശ്യത്തെക്കുറിച്ച് അന്നത്തെ ക്രൈസ്തവ സമൂഹം ആലോചിക്കുകയും പള്ളിക്കുവേണ്ടി താൽക്കാലികമായി പണിത ഷെഡിൽ തന്നെ ഒന്നാം ക്ലാസ് ആരംഭിക്കുകയും ചെയ്തു.കൊല്ലമുള പള്ളിക്ക് സ്ഥിരം വികാരിയുടെ അഭാവം മൂലം സ്ഥിരമായി വികാരി വരുമ്പോൾ പള്ളിക്ക് സ്കൂളിന്റെ മേലുള്ള അവകാശം കൈമാറണമെന്ന് വ്യവസ്ഥയിൽ ഒരു മാനേജിംഗ്ബോർഡിന്റെ പേരിൽ സ്കൂൾ അനുവദിക്കപ്പെട്ടു.ശ്രീ.പി.റ്റി ഫിലിപ്പ് പനച്ചിപ്പുറം പ്രസിഡണ്ട് ശ്രീ കെ.സി ജോസഫ് മുട്ടത്തുപാടം സെക്രട്ടറി

ശ്രീമാൻമാരായകാരയ്ക്കൽചാക്കോച്ചി, എബ്രഹാം മാളിയേക്കൽ, ദേവസ്യകുടക്കച്ചിറ, പാപ്പച്ചി തെങ്ങുംപള്ളിൽ. തുടങ്ങിയവരായിരുന്നു മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ.

ഈ സ്കൂളിന്റെ പ്രഥമ അധ്യാപകൻ ശ്രീ. കെ. സി ജോസഫ് മുട്ടത്തുപാടം ആയിരുന്നു. ശ്രീമതി റെയ്ച്ചൽ തലയ്ക്കൽ, പൊന്നമ്മ വടക്കേടത്ത് തുടങ്ങിയവരായിരുന്നു മറ്റ് അധ്യാപകർ. ഈ സ്കൂളിനു വേണ്ടി 50 സെന്റ് സ്ഥലം സൗജന്യമായി നൽകിയത് പ്രഥമ അധ്യാപകനായിരുന്ന ശ്രീ. കെ സി ജോസഫ് മുട്ടത്ത് പാടമാണ്

1957- ൽ 208 കുട്ടികളും മൂന്നു അധ്യാപകരുമായി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. 1960- ൽ ഇതൊരു യുപി സ്കൂൾ ആയി ഉയർത്തപ്പെട്ടു . ഈ സ്കൂളിന്റെ ആദ്യത്തെ മാനേജർ ശ്രീ. പി.റ്റി ഫിലിപ്പ് പനച്ചിപ്പുറം ആയിരുന്നു. സ്കൂളിന്റെ ഉടമസ്ഥാവകാശം ശ്രീ.പി.റ്റി ഫിലിപ്പ് പനച്ചിപ്പുറം പള്ളിയ്ക്കു വിട്ടുകൊടുക്കുന്നതിന് വിസമ്മതിച്ചതിനാൽ പള്ളിയുമായി കേസ് ആരംഭിച്ചു.
ആ കേസ് ഹൈക്കോടതി വരെ എത്തി. ബഹു. ജേക്കബ് കാട്ടൂർ അച്ചന്റെ കാലത്ത് കേരള ഹൈക്കോടതിയിൽ കേസ് ഒത്തുതീർപ്പിലാക്കുകയും സ്കൂളിന്റെ ഉടമസ്ഥാവകാശം പൂർണമായും പള്ളിയുടെ അധിനിതയിലാവുകയും ചെയ്തു.
ബഹുമാനപ്പെട്ട ജേക്കബ് കാട്ടൂർ അച്ചന്റെ കാലത്ത് ഹൈസ്കൂളിന് വേണ്ടി രണ്ട് ഏക്കർ 79 സെന്റ് സ്ഥലം വാങ്ങി അവിടെ അധ്യാപകരുടെയും നാട്ടുകാരുടെയും പരിശ്രമ ഫലമായി 240 അടി നീളത്തിൽ കെട്ടിടം പണിയുകയും ഹൈസ്കൂൾ ലഭിക്കാത്തതുകൊണ്ട് പുതിയ കെട്ടിടത്തിൽ യുപി സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു 1994 ലിറ്റിൽ ഫ്ലവർ പബ്ലിക് സ്കൂൾ പ്രവർത്തനം ആരംഭിച്ചത് ഈ കെട്ടിടത്തിലാണ് 1961ൽ എംടി മത്തായി സ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമതനായി അദ്ദേഹത്തിന് സേവനകാലത്ത് സ്കൂളിന്റെ വളർച്ച ദുരിതഗതിയിൽ ആയിരുന്നു. ശിക്ഷണത്തിനും സ്പോർട്സിലും സ്കൂൾ മികച്ച നിലവാരം പുലർത്തിയിരുന്നു 1976 മുതൽ രണ്ടായിരത്തോളം കുട്ടികളും 40 അധ്യാപകരും ഈ സ്കൂളിൽ ഉണ്ടായിരുന്നു കെട്ടിടസൗകര്യങ്ങളുടെ കുറവ് മൂലം പോലെ ഷെഡുകളിൽ ആണ് കുട്ടികൾ പഠിച്ചിരുന്നത് പിന്നീട് നാട്ടുകാരുടെയും അധ്യാപകരുടെയും മാനേജ്മെന്റ് സഹായത്തോടുകൂടി സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിച്ചു 1988 മുതൽ

ഹെഡ്മാസ്റ്റർമാരായിരുന്ന പി ജെ എബ്രഹാം കെ ആന്റണി ഒ.എം വോട്ടുകുളം, എൻ.ജി ജോസഫ് നടുവത്താണിയിൽ കെ എം മറിയാമ്മ, ഒ.ജെ **കുര്യൻ,മാർട്ടിൻ വർഗ്ഗീസ് ഇങ്ങനെ** 280 ഓളംഅധ്യാപകർ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സ്കൂളിൽ പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതരവിഷയങ്ങൾക്കും പ്രാധാന്യം നൽകിവരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഏറിയ പ്രസക്തിയും ആളുകളുടെ ആഭിമുഖ്യവും മനസ്സിലാക്കിക്കൊണ്ട് കാലോചിതമായി നമ്മുടെ സ്കൂളിലും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ആരംഭിച്ചു ഇപ്പോൾ ഒന്നുമുതൽ ക്ലാസുകളിൽ ഓരോ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ പ്രവർത്തിക്കുന്നു വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് ഈ സ്കൂളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകിവരുന്നു.

വിദ്യാലയങ്ങൾ സംസ്കാരത്തിന്റെ ആദ്യ അക്ഷരങ്ങൾ കുറിക്കുന്ന കളരികൾ ആയിരിക്കുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസത്തോട് ഒപ്പം സാംസ്കാരിക ആധ്യാത്മിക ധാർമിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മികച്ച വ്യക്തിത്വ രൂപീകരണം ആണ് കൊല്ലമുള യുപിഎസ് എന്നും മുന്നിൽ കാണുന്നത് ഈ സ്കൂളിൽ പഠിച്ച ആയിരക്കണക്കിന് വിദ്യാർത്ഥികൾ സ്വദേശത്തും വിദേശത്തുമായി ജീവിതത്തിന്റെ വിവിധ തുറകളിൽ സേവനം ചെയ്യുന്നു ഈ നാടിന്റെ വളർച്ചയിൽ കൊല്ലമുള യു.പി.എസ് സ്വാധീനം വളരെ വലുതാണ്

**അദ്ധ്യാപകരുടെ എണ്ണം**

| | |
|---|---|
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി. | 5 |
| എൽ. പി . | 4 |
| ഓഫീസ്അസിസ്ററന്റ് | 1 |

**നിലവിലെ അദ്ധ്യാപക - അനദ്ധ്യാപകജീവനക്കാർ**

ഹെഡ്മിസ്ട്രസ് - സി.സുനി ജോസഫ്

ഓഫീസ് അസിസ്റ്റന്റ് - ബിജു ഡൊമിനിക്ക്

**എൽ പി അദ്ധ്യാപകർ**

അരുൺ ജോയി

റ്റാനിയ എബ്രാഹം

ലിബിൻ മാത്യം

ജോസ്ന തോമസ്

**യു.പി അദ്ധ്യാപകർ**

സ്വപ്നാ കെ കുര്യാക്കോസ്

ആൽഫാ എം ജോർജ്

മെറിൻ തോമസ്

സോണിയമോൾ തോമസ്

ജെസ്റ്റീന പി ജോൺ

**വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്** .

ഒന്നു മുതൽ ഏഴ് വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസന ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങൾ ഏകോപിപ്പിക്കുന്നു. വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിമികച്ചരീതിയിൽ പഠനം നടത്തുന്നു.

കുട്ടികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച നടപ്പാക്കും. സ്വയം പഠനം സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും.പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളും. പച്ചക്കറി കൃഷി ഔഷധ സസ്യ ശേഖരണം എന്നിവ പ്രോത്സാഹിപ്പിക്കും. കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഒരുക്കും. ജനകീയ പങ്കാളിത്തംഉറപ്പാക്കും. സ്കൂളും പരിസരവും ആകർഷകമാക്കും. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

**പദ്ധതി രൂപീകരണ പ്രക്രിയ**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനും ആയി മുഴുവൻ സ്റ്റാഫംഗങ്ങളുടെയും ഒരു ആലോചനയോഗം വിളിച്ചു കൂട്ടി. സമൂഹത്തിന്റെ സമസ്ത മേഖലയിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സാംശീകരിച്ചുകൊണ്ട് വേണം വികസന കാഴ്ചപ്പാട് രൂപീകരിക്കേണ്ടത് എന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഏകോപിപ്പിക്കുന്നതിനായി അധ്യാപകരിൽ നിന്നും ഒരു കമ്മിറ്റി രൂപീകരിച്ചു ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് വികസന കാഴ്ചപ്പാട് രൂപീകരിച്ചത്

## അവസ്ഥാ വിശകലന ഭൗതികം

**വിദ്യാലയത്തിന് ആകെ ലഭ്യമായ രണ്ട് ഏക്കർ 79 സെന്റ് ആണ്.**

**ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലെ അദ്ധ്യയനം നടക്കുന്നു.**

**പി.ടി.എ നന്നായി സഹകരിക്കുന്നു.**

കലാകായിക പ്രവർത്തി പരിചയ പഠനം സ്കൂളിൽ നടക്കുന്നുണ്ട് ഈ മേഖലയിലെ പഠനം മികവുറ്റതാക്കാൻഈ മേഖലയിൽ നിരവധി സാമഗ്രികൾ ആവശ്യമാണ്

വിദ്യാലയത്തിൽ ആകെയുള്ള 11ക്ലാസ് റൂമുകൾ ഉണ്ട്ഒന്നുമുതൽ ഏഴ് വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു . ഓഫീസ് റൂം സ്റ്റാഫും കമ്പ്യൂട്ടറിൽ ലാബർ സയൻസ് ലാബ് എന്നിവയുണ്ട് പെൺകുട്ടികൾക്ക് വേണ്ടി പ്രത്യേകം മുറികളില്ല.

ഒരു വർഷവും കുട്ടികളുടെ പ്രവേശനത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാറുണ്ട്. സൗകര്യങ്ങൾ ഉള്ള അടുക്കള സ്റ്റോറും ഡൈനിങ് ഹാൾ എന്നിവ നിലവിലില്ല. അടുക്കള അത്യാവശ്യ സൗകര്യം മാത്രമുള്ളതാണ്.

സ്കൂളിൽ ലൈബ്രറിയ്ക്ക്. പ്രത്യേകം മുറിയില്ല ഓഫീസിൽ രണ്ട് അലമാരികൾ ആയി ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നു സ്കൂൾ വർഷാരംഭം മുതൽ തന്നെ എല്ലാ ക്ലാസുകളിലേക്ക് ലൈബ്രറി പുസ്തകം വിതരണം ചെയ്തത് സൂക്ഷിക്കുന്നു വിദ്യാലയത്തിൽ കമ്പ്യൂട്ടർ സൗകര്യം ഉണ്ട് രണ്ട് ക്ലാസ് സ്മാർട്ട് ക്ലാസ് റൂം ആണ്

ജലലഭ്യത -

കുടിവെള്ള സൗകര്യം- ടാപ്പ്

സ്രോതസ്സ് -കിണർ

ജല ശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളയിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു .

ഉച്ചഭക്ഷണം-

വിദ്യാലയത്തിൽ തന്നെ ഭക്ഷണംതയ്യാറാക്കി നൽകുന്നു ഓരോ ദിവസവും വ്യത്യസ്ത കറികൾ നൽകുന്നു

ആഴ്ചയിൽ പാലും ഒരു ദിവസം മുട്ടയും നൽകുന്നു

വൈദ്യുതീകരണം -

എല്ലാ ക്ലാസ്സുകളിലും സ്റ്റാഫ് റൂ ം ഓഫീസ് റൂം സയൻസ് ലാബ് കമ്പ്യൂട്ടർ റൂ ം എന്നിവിടങ്ങളിലും വൈദ്യുതിയുണ്ട് ആവശ്യമായ ലൈറ്റുകളും ഫാനുകളും കുട്ടികളുടെ ആവശ്യത്തിനായി ക്ലാസ് മുറികളിൽ ഉണ്ട്

വേസ്റ്റുകൾ കത്തിക്കുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റ് ഉണ്ട്

## ക്ലാസ്സ് –1
## ഇംഗ്ലീഷ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–2

| **ലക്ഷ്യം.** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാ (** |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | എസ് ആർ ജി ക്ലാസ് ടീച്ചർ | [illegible] |

| | | | | |
|---|---|---|---|---|
| വസ്തുക്കളുടെ പേരുകൾ തിരിച്ചറിയുന്നിനുള്ള അവസരം | ചിത്ര പ്രദർശനം<br><br>വിവിധവസ്തുക്കളുടെ ശേഖരണം | മാസത്തിൽ ഒന്ന് | എസ് ആർ ജി ക്ലാസ് ടീച്ചർ | ssA |

| **ക്ലാസ്സ് - 2**<br>**ഇംഗ്ലീഷ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കല് | പ്രതിഭാധനരുമായി സംവദിക്കൽ<br><br>ഇംഗ്ലീഷ് ബാലസഭ<br><br>Oneday English assembly | മൂന്നു മാസത്തിൽ ഒന്ന്<br><br>മാസത്തിലൊന്ന്<br><br>ആഴ്ചയിൽ ഒന്ന് | എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | SSA |

## ക്ലാസ്സ്  – 3
## ഇംഗ്ലീഷ്  അക്കാദമിക് മാസ്റ്റർ പ്ലാൻ  2025–26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന ആശയം അറിഞ്ഞും Fluent ആയും | ക്ലാസ് ലൈബ്രറി വികസനം<br>വാർത്ത വായന മത്സര സംഘടിപ്പിക്ക ൽ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന<br>വായനാക്കൂട്ടം | ജൂൺ -മാർച്ച്<br>മാസത്തിൽ ഒന്ന്<br>മൂന്നുമാസത്തിലൊന്ന് | എസ് ( ജി<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ |

## ക്ലാസ്സ്  –4
## ഇംഗ്ലീഷ്  അക്കാദമിക് മാസ്റ്റർ പ്ലാൻ  2025–26

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി | വർഷംമുഴുവൻ | . ക്ലാസ് ടീച്ചർ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി നിത്യവും വീട്ടിലും വിദ്യാലയത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ഡയറിക്കുറിപ്പായി എഴുതുന്നു | | |
| സർഗാത്മകതാ പരിപോഷണം | പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ(Skit , Drama , conversation , Story telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| സർഗ്ഗാ്മകാ രച നശേഷി വിക സനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടു്ിക്കൊണ്ട് മാസിക യ്യാറാക്കുന്നു | മൂന്നുമാസത്തിലൊന്ന് | HM CIassteacher SMC |

## അക്കാദമിക് മാസ്റ്റർ

### ഗണിതം - Class 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കാൻ | ഗണിതമാഗസിൻ<br>ജാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഏകദിന ക്യാമ്പ്<br>ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ-മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്നു വീതം | ക്ലാസ്ടീച്ചർ എസ്.<br>ആർ ജി ക്ലാസ് ടീച്ചർ | S SA |

## *അക്കാദമിക് മാസ്റ്റർ* ഗണിതം Class - 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം<br>കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ<br>ഗണിത ക്യാമ്പ്<br>ഗണിതം കളികളിലൂടെ | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | എസ് എസ് എ |

## *അക്കാദമിക് മാസ്റ്റർ* ഗണിതം Class - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജാമ്യതിയ സൗന്ദര്യം തിരിച്ചറിയാം | ഗണിതം ലളിതമാക്കാം കളികളിലൂടെ | ഒക്ടോബർ ജനുവരി | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എസ് സ്റ്റാഫ് |

| | | | | |
|---|---|---|---|---|
| | | | | |

## ***അക്കാദമിക് മാസ്റ്റർ*** **ഗണിതം Class - 4**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കളിക്കാം ഗണിക്കാം<br><br>ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ<br><br>മൂല്യനിർണയം ഏണിയും പാമ്പും ഡൈസ് കളി<br><br>സങ്കലനം വ്യവകലനം<br><br>കച്ചവട കളി | വർഷം മുഴുവൻ | എസ്.ആർ.ജി<br><br>ക്ലാസ് ടീച്ചർ | |

## **അക്കാദമിക് മാസ്റ്റർ പ്ലാൻ ഭാഷ. Class – 1**

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | ഭാഷാകളരി കുട്ടികളിലും<br><br>പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br><br>അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ജൂലൈ þ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ എസ്.ആർ ജി എസ് എം സി<br><br>സ്കൂൾ വികസന സമിതി<br><br>ക്ലാസ് ടീച്ചർ എസ്ആർജി മദർ പിടിഎ | എസ്എംസി<br><br>മദർ PTA |

**അക്കാദമിക് മാസ്റ്റർ പ്ലാൻ ഭാഷ ക്ലാസ് രണ്ട്**

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ രീതിയിലൂടെ ഭാഷ അനുഭവങ്ങൾ ഒരുക്കുക<br><br>സമീപനത്തിലൂടെ ഭാഷാ പഠനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായി | എസ്.ആർ.ജി മീറ്റിംഗ്<br>പ്രവേശനോത്സവം<br><br>ലോക പരിസ്ഥിതി ദിനം പാഠം അവതരണം എന്റെ കേരളം സചിത്ര നോട്ടുബുക്ക് തയ്യാറാക്കൽ<br>സംയുക്ത ഡയറി<br>ക്ലാസ് ലൈബ്രറി | | എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | എസ്എംസി<br><br>മദർ PTA |

| | | | | |
|---|---|---|---|---|
| പിന്തുണ ഉറപ്പുവരുത്തുക<br><br>എല്ലാ കുട്ടികളും ആഴ്ച ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാർ ആവുക<br>നേടി ആശങ്ക സ്വാതന്ത്രമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കുക<br>സംയുക്ത ഡയറി സ്വതന്ത്ര ഡയറി | ശക്തികരണം ഫൈനോത്സവം അമ്മ വായന വായന മത്സരം രചനോത്സവം ഒരു രൂപീകരണ പാഠങ്ങളിൽ നിന്നും ബാല്യസാഹിത്യകൃതികൾ പ്രകാശനം സചിത്ര ബുക്ക് അവലോകനം പ്രദർശനം | | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ ഭാഷ ക്ലാസ് മൂന്ന്**

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തിയെടുക്കുക കുട്ടികളെ വ്യക്തിത്വ വ്യക്തി | പ്ലീസ് ടെസ്റ്റ് അവലോകനം പ്രകൃതി നടത്തം ചുറ്റുമുള്ള | | എസ് ആർ ജി<br><br>ക്ലാ | എസ്എം സി |

| | | | | |
|---|---|---|---|---|
| ശുചിത്വം പരിസര ശുചിത്വം ഉള്ളവരാക്കുക ശാസ്ത്രങ്ങളിൽ അഭ്യയും താല്പര്യവും വളർത്തുക പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക | ജീവജാലങ്ങളെ നിരീക്ഷണം പ്രത്യേകതകൾ മനസ്സിലാക്കാൻ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുക ജീവികളുടെ പരസ്പരം ആശ്രയിക്കാൻ ചർച്ചചെയ്യുന്നുണ്ട് നിർമ്മാണം പരിപാലനം വൃക്ഷത്തെ നട്ട് വൃക്ഷത്തെ പരിപാടികൾ പരിസരമലിനീകരണം ചർച്ച പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ഇതിനു കൃത്യങ്ങൾ ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു | ജൂലൈ സെപ്റ്റംബർ | സ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | മദർ PTA |

| | | | | |
|---|---|---|---|---|
| | ദിവസം<br>പരിശോധന<br>ചുമതലയ്ക്ക് ഗ്രൂപ്പ്<br>ആക്കുന്നു ക്ലാസ്സ്<br>ശുചിത്വ മത്സരം<br>വ്യക്തി ശുചിത്വം<br>ക്ലാസ് പരിസര<br>ശുചിത്വം എന്നിവ<br>അടിസ്ഥാനപ്പെടു<br>ത്തി നൽകുന്നു<br>നല്ല ശീലം<br>പോസ്റ്ററുകൾ<br>തയ്യാറാക്കുന്നു<br>പരിസരങ്ങളിൽ<br>പതിപ്പ്ക്കുന്നു | | | |
| | ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ<br>പരിസ്ഥിതിയെ<br>അടുത്തറിയാനാ<br>യി ഫീൽഡ് ട്രിപ്പ്<br>സംഘടിപ്പിക്കുന്നു<br>കുളം വായിൽ പുഴ<br>പ്രകൃതി<br>സംരക്ഷണ<br>പോസ്റ്റർ<br>തയ്യാറാക്കുന്നത്<br>പരിസരങ്ങളിൽ<br>പതിക്കുന്നു | ഒക്ടോ<br>ബർ<br>നവംബർ | | |
| | ശാസ്ത്രകം<br>വളർത്തുന്ന<br>പരീക്ഷണങ്ങളിൽ<br>ഏർപ്പെടുന്നു മികച്ച | ജനുവരി<br>മാർച്ച് | | |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാകുന്നു പക്ഷി നിരീക്ഷണത്തിനവ സരം പച്ചക്കറി തോട്ടത്തിൽ കിളികൾക്ക് ദാഹജലം | | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** മലയാള ഭാഷ – 4

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ<br>വായിക്കാൻ വളരാം | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ | Pta fund |
| വായനശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം<br>വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ClassTeacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാൻ<br><br>എഴുത്ത് പരി പോഷിപ്പിക്കൽ<br><br>എഴുത്തുകാരുമായി. സംവദിക്കൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | പ്രതിമാസം വർഷം മുഴുവൻ | SRG<br><br>ClassTeacher | PTA |
| ലേഖനശേഷി വർദ്ധിപ്പിക്കൽ<br><br>സാഹിത്യകാരന്മാരെ അടുത്തറിയാൻ<br>കണ്ടറിയാം കേട്ടറിയാം | | ആവശ്യാനുസരണം | ClassTeacher<br>SRG | PTA |
| അറിവ് ഡോക്യുമെന്ററിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ClassTeacher | PTA |
| രുചിച്ച് അറിയാം<br><br>പ്രാചീന നാടൻ ഭക്ഷണങ്ങൾപരിചയപ്പെടൽ | ഭക്ഷ്യ മേള<br>പാചക ക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | വർഷത്തിൽ ഒന്ന് | SRG<br><br>ClassTeacher | |
| സാഹിത്യകാരന്മാരുടെ ജന്മ ദിനാചരണങ്ങൾ സംഘടിപ്പിക്കാൻ അടുത്തറിയാൻ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം ക്വിസ് ലഘു പ്രഭാഷണം<br>ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം-പ്രദർശനം | ആവശ്യാനുസരണം | SRG<br><br>ClassTeacher<br>CPTA | |
| പാഠഭാഗവുമായിബന്ധപ്പെട്ട കലകൾ | | വർഷത്ിലൊ | | |

| | | | | |
|---|---|---|---|---|
| സർഗോത്സവം<br><br>ഭാഷാപഠനത്തിന് ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്സ് മുറി യിലേയ്ക്ക് കലാവതരണം<br><br>കുട്ടികളുടെ സർഗ്ഗ ശേഷികളുടെപ്രദർശനം | രിക്കൽ<br><br>വർഷത്ിലൊരിക്കൽ | HM<br>SRG<br>ClassTeacher<br>CPTA | PTA |

## ഇംഗ്ലീഷ്. അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ചോദിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | **Lend your Ear**<br><br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു<br><br>**follow me If you can**<br><br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു<br><br>**Breaking News**<br><br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവക്കുവാൻ അവസരം ഒരുക്കുന്നു<br><br>**Missing Man.**<br><br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് | ജൂലൈ<br><br>ജൂൺ<br><br>നവംബർ<br><br>ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ്ക്ലബ് |

| | | | | |
|---|---|---|---|---|
| | കുട്ടികളെ കേൾപ്പിക്കുന്നു . തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു | | | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | **My Droplets**<br><br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു<br><br>Alert zone<br><br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലും ആയി പ്രദർശിപ്പിക്കുന്നു | വർഷാവസാനം<br><br>ദിനാചരണങ്ങളിൽ ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | Run Baby Run<br><br>ക്ലാസ്സിനെ ഗ്രൂപ്പുകൾ ആകുന്നു  ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിയിലേക്ക് തെറ്റുകൂടാതെ എഴുതുന്നു ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു<br><br>Fun time funda.<br>കടംകഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു<br><br>The Grand Camp<br>ഇംഗ്ലീഷിൽപ്രാവിണ്യം  ഉള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു | എല്ലാഇം ഗ്ലീഷ്പീര◌ീഡും<br><br>വർഷാവസാനം | പിടിഎ<br><br>ഭാരവാഹികൾ<br><br>രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | 5ാം ക്ലാസിനായി കഥ പറയൽ കഥ യെഴുത്ത്<br><br>ആറാം ക്ലാസിനായി റോൾ പ്ലേ , നാടകം എന്നിവ പ്രച്ഛന്ന വേഷമായി<br><br>ഏഴാം ക്ലാസ് - കവിത , പ്രസംഗം, ഡോക്യം മെന്ററി തുടങ്ങിയ വ | | | |

**സോഷ്യൽ സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026**

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| മുഗൾ രാജവംശം - രാഷ്ട്ര നയങ്ങൾ ,സാമൂഹ്യഘടന ഭൂവുടമ വ്യവസ്ഥിതി, സാമ്പത്തികം ഇവ തിരിച്ചറിയാൻ | ഓർമ്മച്ചെപ്പ് . ആറാം ക്ലാസിൽ പഠിച്ച മുഗൾ രാജവംശത്തെ കുറിച്ചുള്ള അറിവ് ഐസിടി സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ഭക്തി സൂഫി പ്രസ്ഥാനങ്ങളുടെ സ്വാധീനം | ചാർട്ട് പേപ്പറിൽ ആശയപടത്തിന്റെ രൂപരേഖ നൽകുന്നു ഒരേ അളവിൽ ചെറിയ സ്ലിപ്പുകൾ ആക്കി പേപ്പർ മുറിച്ച് കണ്ടെത്തുന്ന ആശയങ്ങൾ എഴുതി ചാർട്ടിൽ ഒട്ടിച്ചു ചേർക്കുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗാന്ധിജി വിഭാവനം ചെയ്ത ഭരണഘടനയിലെ ആശയങ്ങൾ , പട്ടിക പൂർത്തിയാക്കുക | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| സാമൂഹിക ഉൾച്ചേർക്കൽ അറിവുകൾ എന്നിവയെ അംഗീകരിക്കൽ, പങ്കുവയ്ക്കൽ ( കലകൾ,സംസ്കാരം മുതലായവ) | ചിത്രങ്ങൾ, വീഡിയോ ഓഡിയോ വിവരണങ്ങൾ എന്നിവ നിരീക്ഷിച്ചും വായിച്ചും അനുഭവങ്ങൾ പങ്കുവെച്ചും അരികു വൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളെയും അവർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| അന്തരീക്ഷവും ജീവനും അന്തരീക്ഷ മലിനീകരണം | പ്ലക്കാർഡുകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മൺസൂൺ ജനജീവിതവും ഭൂപ്രകൃതിയും കൃഷിയിൽ | മഴ ,മൺസൂൺ, കാലാവസ്ഥ വ്യതിയാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിച്ച് സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകത്തിൽ എഴുതുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ഭക്ഷ്യ സുരക്ഷ വിശപ്പ് രഹിത കേരളം | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഒരു KWL ചാർട്ട് തയ്യാറാക്കുന്നു. സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിൽക്കപ്പെടുന്ന ഗവൺമെൻറ് സ്ഥാപനങ്ങളുടെ പട്ടിക പൂർത്തീകരിക്കൽ | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| കുടുംബ ചെലവ് , കുടുംബവരുമാനം എന്നിവ തിരിച്ചറിഞ്ഞ് കുടുംബ ബജറ്റ് തയ്യാറാക്കുന്നതിലൂടെ മിതവ്യയശീലം ,സമ്പാദ്യശീലം എന്നിവ പരിശീലിക്കുന്നതിന് | കുടുംബ ബജറ്റിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ചർച്ചചെയ്ത് നിഗമനങ്ങളിൽ എത്തുന്നു | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| വിവേചനം നേരിടുന്ന ജനങ്ങളെ ഉൾക്കൊള്ളുന്നതിനും ഇത്തരം ജനവിഭാഗങ്ങളോട് വിശ്വ മാനവികത എന്ന കാഴ്ചപ്പാടിൽ എത്തിച്ചേരുന്നതിനും | സാധ്യമായ ഇടങ്ങളിൽ ഗോത്ര ജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ സാമൂഹ്യ ജീവിതം മനസ്സിലാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു. | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ചരിത്രവും പ്രാദേശിക ചരിത്രവും താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ തിരിച്ചറിയുന്നു.പ്രാദേശിക ചരിത്രരചനയ്ക്ക് പ്രാപ്തരാകുന്നു. | ചരിത്രവും പ്രാദേശിക ചരിത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു . പാനൽ ചർച്ച | മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

## അക്കാദമിക് മാസ്റ്റർപ്ലാൻ സയൻസ് 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ തല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | **നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ഉദ്യാനം കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപ ഊർജ്ജ ക്ലബ്ബ് ന ഹെൽത്ത് ക്ലബ്ബ് |

| | | | |
|---|---|---|---|
| | ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ജൂലൈ | ശാസ്ത്ര അധ്യാപ ക്ലബ് ഹെൽത്ത് ക്ല |
| | **കണ്ടൽ അറിയാൻ ഒരു യാത്ര**<br><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രചിച്ച നിർമ്മാണം കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ | ജൂൺ മുതൽ | ശാസ്ത്ര അധ്യാപ ക്ലബ് ഹെൽത്ത് ക്ല |
| ശാസ്ത്ര പ്രകിയശേഷി വർദ്ധിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **പരീക്ഷണ കളരി**<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപ സയൻസ് ക്ലബ് ഹെ<br><br>ശാസ്ത്ര അധ്യാപ സയൻസ് ക്ലബ് |
| | **മാസ്റ്റർ മൈൻഡ്**<br><br>ഊർജക്ലബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | |

| | | | |
|---|---|---|---|
| | **എക്സ്പ്ലോ എക്സ് പ്ലോർ**<br><br>ആധുനിക ശാസ്ത്ര ലോകത്തിലെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | | |
| 3.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര | **ശാസ്ത്ര വിസ്മയ ചുമർ**<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര. വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br><br>**മുഖാമുഖം**<br><br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്രീയമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു<br><br>**യുറേക്ക**<br><br>കുട്ടികളിലെ ശാസ്ത്ര അപബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക | ശാസ്ത്ര അധ്യാപ<br><br>ശാസ്ത്ര അധ്യാപ<br>സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപ<br><br>ശാസ്ത്ര അധ്യാപ |

| | | | |
|---|---|---|---|
| സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക<br><br>.<br><br>4.പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ ഉത്സുകത വർദ്ധിപ്പിക്കാൻ | **വിസ്മയ യാത്ര**<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികൾക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ ഇവ പാഠഭാഗവുമായി ബന്ധപ്പെടുത്തി വീഡിയോ പ്രദർശനം ഇവയിലൂടെ കൂടുതൽ അറിവുകൾ നൽകുന്നു<br><br>പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത മൂലകങ്ങളും അവയുടെ. ഐസോടോപ്പുകളും മറ്റും ത്രിമാ നരൂപത്തിൽ കാണിച്ചുകൊടുക്കുന്നു | വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – സംസ്കൃതം

| **ലക്ഷ്യം** | **പ്രവർ്തതനങ്ങൾ** | **കാലയളവ്** | **ഭൗതികം** | **ചുമതല** |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാക്ഷജ്ഞാനം<br><br>അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ് | ജൂൺ-ഓഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം<br><br>ഐസിടി | പിടിഎ<br><br>റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ക്ലാസിൽ അക്ഷരമാല പ്രദർശനം<br><br>അക്ഷരമാല കളികൾ<br>അക്ഷര മരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക | | | |
| | പറയാം പഠിക്കാം<br><br>ചിത്രങ്ങളുടെ പേര് പറയാൻ<br><br>ചിത്രകഥകൾ<br><br>ലഘു സംഭാഷണങ്ങൾ<br><br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ജൂലൈ | സംസ്കൃത കഥാപുസ്തകം<br><br>ഐസിടി | റിസോഴ്സ് അധ്യാപിക |
| വീട് ഒരു പരീക്ഷണശാല<br><br>കേൾക്കുന്നതും കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br><br>ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| | | ആറുമാ | ക്ലാസ് | അധ്യാപി |

| | | | | |
|---|---|---|---|---|
| വായനാലോകം<br><br>കുട്ടിയെ വായനയുടെ ലോകത്തിലേക്ക് കൊണ്ടുവരാൻ | തെരഞ്ഞെടുത്ത ലളിതമായ പുസ്തകം ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br><br>ഓരോ സംസ്കൃതം പിരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br><br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br><br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | സം | ലൈബ്രറി | ക |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം<br>പഠനോപകരണ നിർമ്മാണം<br>കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>പഠനയാത്ര | ജൂൺ മാർച്ച് | ചാർട്ട്, ചിത്രം | റിസോഴ്സ് അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു | ജൂൺ മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | | | |
| ആസ്വാദനലോകം<br><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br><br>എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു<br><br>മാസത്തിൽ ഒരുതവണ ആസ്വാദന സഭ ചേരുന്നു<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | അഞ്ചുമാസം | സംസ്കൃത ക്ലാസ്സ് റൂം | അധ്യാപിക |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br><br>പ്രത്യേകം ക്ലാസുകൾ | ജൂൺ മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | നൽകുന്നു<br>ഗൃഹ സന്ദർശനം<br>നടത്തുന്നു | | | |

# അക്കാദമിക് മാസ്റ്റർപ്ളാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | September to October | ഹിന്ദി നിഘണ്ടു. | Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | Resource Teacher |
| | | | | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |